ഓർമച്ചെപ്പ്

എൻ.എ.കെ ശിവപുരം

# ബഹിഷ്കരണം
# ഒരു നാട്ടിൽ വരുത്തിയ പരിവർത്തനം



**ശിവപുരത്ത്** ടി.കെ കുഞ്ഞഹമ്മദ് മൗലവി കപ്പുറം പഴയ ജുമുഅത്തു പള്ളിയിൽ ദർസ് നടത്തിക്കൊണ്ടിരുന്ന കാലം. പത്തു കിതാബ് മുതൽ ഖുർആൻ തഫ്സീർ, ഹദീസ് ഗ്രന്ഥങ്ങൾ വരെ പഠിക്കുന്ന വലിയവരും ചെറിയവരുമായി നാൽപതിലധികം ശിഷ്യഗണങ്ങൾ അവിടെ ഉണ്ടായിരുന്നു. കൂട്ടത്തിൽ ഈയുള്ളവനും ഖുർആന്റെ പഠിതാവായിരുന്നു. 1952-ൽ തന്നെ ശിവപുരത്ത് വേരോട്ടം കിട്ടിയ ജമാഅത്തെ ഇസ്‌ലാമിയും ഹംദർദ് ഹൽഖയും ഒന്നും പുറത്തറിയാത്തതു കൊണ്ട് ടി.കെ.കെയുടെ ദർസിനോ പദവിക്കോ ഒരു കോട്ടവും പറ്റിയിരുന്നില്ല. നാട്ടുകാരണവന്മാരുടെ മുമ്പിൽ ഞാൻ മാത്രമാണ് 'മൗദൂദി' എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ കരുതലോടെ തന്നെ ഞങ്ങൾ മുന്നോട്ടുപോയി. ടി.കെ കുഞ്ഞഹമ്മദ് മൗലവി, എൻ.കെ കുഞ്ഞിമൊയ്തീൻകുട്ടി എന്നിവരോടൊപ്പം വാരാന്തയോഗം എങ്ങനെ നടത്തുമെന്ന് മനസ്സിലാക്കാൻ കക്കോടി ജമാഅത്തിന്റെ യോഗത്തിൽ പങ്കെടുത്തു. അന്ന് കോഴിക്കോട് ജമാഅത്തിലെ ഒരംഗമായിരുന്ന മർഹൂം ഇമ്പിച്ചമ്മദ് മാസ്റ്റർ ജമാഅത്തെ ഇസ്‌ലാ

മിയെ പരിചയപ്പെടുത്തി സുദീർഘമായിത്തന്നെ സംസാരിച്ചു. ഞങ്ങൾതന്നെ ആയിരുന്നു ലക്ഷ്യം. കലിമത്തുത്തൗഹീദിന്റെ അർഥവും വ്യാപ്തിയും വിശദീകരിച്ചു. അത് ലോകത്ത് വരുത്തിയ പരിവർത്തനങ്ങളും അതിന്റെ മുമ്പിൽ ശിർകും ജാഹിലിയ്യത്തും തകർന്നടിഞ്ഞതും പാരത്രിക ജീവിതത്തിന്റെ വിജയത്തിന് അതിന്റെ അനിവാര്യതയും വിശദീകരിച്ചപ്പോൾ ഞങ്ങളുടെ ആവേശത്തിന് അതിരുണ്ടായിരുന്നില്ല. രാത്രി ഞങ്ങൾ അവിടെത്തന്നെ താമസിച്ചു. പിറ്റേന്നു കാലത്തു നാട്ടിൽ തിരിച്ചെത്തി. പോക്കും വരവുമെല്ലാം വളരെ രഹസ്യമായിട്ടായിരുന്നു.

ഏതാനും ദിവസം കഴിഞ്ഞപ്പോൾ, കൃത്യമായി പറഞ്ഞാൽ 1952 ഒക്ടോബർ 10-ന് കീരിമല എ.എം.എൽ.പി സ്കൂളിൽ വെച്ച് ഒന്നാമത്തെ ഖുർആൻ ക്ലാസ് നടത്തി. ടി.കെ.കെ മൗലവിയാണ് ക്ലാസ് നടത്തുന്നതെന്നറിഞ്ഞപ്പോൾ നല്ലൊരുകൂട്ടം ആളുകൾ ശ്രോതാക്കളായി എത്തി. ഖുർആൻ ക്ലാസ് ആദ്യമായി കേൾക്കുകയാണ്. അതിന്റെ മുമ്പ് വഅ്ള് മാത്രമാണ് അവർ കേട്ടിരുന്നത്. അതാവട്ടെ പൊടിപ്പും തൊങ്ങലും വെച്ച കഥകൾ മാത്രം. മനുഷ്യ ജീവിതത്തിന്റെ പ്രായോഗിക വശങ്ങളുമായി അതിന് ഒരു ബന്ധവുമുണ്ടായിരുന്നില്ല. അപ്പോഴാണ് വിശുദ്ധഖുർആൻ നേർക്കുനേരെ അവരുടെ മുമ്പിൽ വരുന്നത്. ഒന്നരമണിക്കൂർ നീണ്ട ആ ക്ലാസ് കഴിഞ്ഞപ്പോൾ ശ്രോതാക്കൾ പറഞ്ഞു: "ഞങ്ങളുടെ ജീവിതത്തിൽ ഇത്തരം ഒരു പ്രസംഗം ആദ്യമായാണ് കേൾക്കുന്നത്." ഓർത്തു നോക്കൂ, 50 കൊല്ലം മുമ്പത്തെ അവസ്ഥ എന്തുമാത്രം അത്ഭുതകരമായിരിക്കും!

സദസ്സിന്റെ നിർബന്ധം കാരണം അടുത്ത ആഴ്ചയും ഖുർആൻ ക്ലാസ് നടന്നു. അന്ന് ഹാൾ നിറഞ്ഞു കവിഞ്ഞിരുന്നു. നാട്ടിലും പുറത്തുമുള്ള സാധാരണക്കാരുടെയും പണ്ഡിതന്മാരുടെയും ഇടയിൽ അതൊരു സംസാര വിഷയമായി.

അങ്ങനെയിരിക്കെ കോഴിക്കോട് വെള്ളയിൽ ഒരു സ്റ്റഡിക്ലാസും രാത്രി കടപ്പുറത്ത് ഒരു പൊതുയോഗവും നടക്കുന്നതായി ഞങ്ങൾക്കു വിവരം കിട്ടി. ടി.കെ കുഞ്ഞഹമ്മദ് മൗലവി, എൻ.കെ കുഞ്ഞിമൊയ്തീൻകുട്ടി എന്നിവർക്കൊപ്പം സമയത്തിന് മുമ്പ് തന്നെ യോഗസ്ഥലത്തെത്തി. വെള്ളയിൽ കടപ്പുറത്തെ ഒരു പീടികമുകളിൽ ഹാജി സാഹിബിന്റെ ക്ലാസായിരുന്നു. ആദ്യംതന്നെ സദസ്യരെ കുറിച്ചുള്ള അന്വേഷണമാണ് നടന്നത്. 'എനിക്കൊരു പ്രിയപ്പെട്ട സ്നേഹിതനുണ്ടായിരുന്നു, അയാൾ ഇവിടെ വന്നിട്ടുണ്ടോ' എന്ന് ഹാജി സാഹിബ് തിരക്കി. ആ ആൾ ഞാൻ തന്നെ എന്ന് എഴുന്നേറ്റുനിന്നു പറഞ്ഞു (ഞാൻ ഹാജിസാഹിബിന് അയച്ച കത്ത് 'പ്രിയപ്പെട്ട സ്നേഹിതാ' എന്നാണ് തുടങ്ങിയിരുന്നത്).

ആദ്യം ഹാജിസാഹിബാണ് പ്രസംഗിച്ചത്. മുസ്ലിംകൾ ഒരു ആദർശ സമൂഹമാണെന്നും പാരമ്പര്യ സമുദായമല്ലെന്നും മാതാപിതാക്കൾ വഴി നിലവിൽവന്ന ഒരു ഉമ്മത്തല്ലെന്നും സ്ഥാപിച്ചുകൊണ്ടാണ് സംസാരിച്ചത്. നൂഹ്നബിയും മകനും, ഇബ്റാഹീം നബിയും പിതാവും, ലൂത്ത് നബിയും ഭാര്യയും, ഫറോവയും അദ്ദേഹത്തിന്റെ ഭാര്യ ആസിയയും, ഒടുവിൽ അൽഅമീനായ മുഹമ്മദ് നബിയും ജനതയും തുടങ്ങി ചരിത്രത്തിലെ ഒരുപാട് ഉദാഹരണങ്ങൾ നിരത്തിക്കൊണ്ട് കടന്നുപോയ ആ പ്രസംഗം വാക്കും പ്രവൃത്തിയും തമ്മിലുള്ള അന്തരം ഇത്ര ഭീമമായ നിലയിൽ അരങ്ങുവാണകാലം മുമ്പൊന്നുമുണ്ടായിട്ടില്ലെന്ന് സമർഥിച്ചുകൊണ്ടാണ് അവസാനിപ്പിച്ചത്. പ്രസംഗാനന്തരം സദസ്സിൽനിന്ന് ഉയർന്ന ചോദ്യങ്ങൾക്ക് ഹാജിസാഹിബ് മറുപടി നൽകി.

ശേഷം പ്രസംഗിച്ച കെ.സി അബ്ദുല്ല മൗലവി, മുസ്ലിം ഉമ്മത്തിന്റെ ഇന്നത്തെ

ജീവിതവും ഖൈറുഉമ്മത്തായ മുൻഗാമികളുടെ ജീവിതവും ബന്ധപ്പെടുത്തിക്കൊണ്ട് നവീന മുസ്‌ലിം സമൂഹത്തോട് ഒരാദർശ സമൂഹമായിത്തീരൂ എന്ന ആഹ്വാനമാണ് നടത്തിയത്. ആ പ്രസംഗവും സദസ്സിനെ കോൾമയിർ കൊള്ളിക്കുന്നതായിരുന്നു. ഞങ്ങൾ അതുവരെ അത്തരം പ്രസംഗങ്ങൾ കേട്ടിരുന്നില്ല.

അന്നു ഞങ്ങൾ ഓഫീസിൽ താമസിച്ചു. പിറ്റേന്നു രാവിലെ ഹാജിസാഹിബിന്റെ ചായയും പുട്ടും പപ്പടവും കഴിച്ച് നാട്ടിലേക്കു തിരിച്ചു. 1952 നവംബർ 18-ന് കെ.സിയും കേരള നദ്‌വത്തുൽ മുജാഹിദീനും തമ്മിൽ ചേന്ദമംഗല്ലൂരിൽ നടന്ന ഖണ്ഡനപ്രസംഗം കേൾക്കാൻ എൻ.കെ കുഞ്ഞിമൊയ്തീൻകുട്ടിയോടൊപ്പം കപ്പുറത്തുനിന്നും വളരെ സാഹസപ്പെട്ടു പോയ സംഭവം *പ്രബോധന*ത്തിലെ ഒരോർമക്കുറിപ്പിൽ നേരത്തെ വന്നിട്ടുണ്ട്. ഒറ്റ ദിവസത്തെ പരിപാടിയായിരുന്നു. എന്നെ സംബന്ധിച്ചേടത്തോളം ആ പ്രസംഗവും പ്രസ്ഥാനപഠനത്തിന് വളരെയേറെ സഹായിച്ചു.

എന്റെ ചേന്ദമംഗല്ലൂർ യാത്ര പുറത്തറിഞ്ഞപ്പോൾ ശിവപുരത്തെ പൗരോഹിത്യവും ഉമറാക്കളും ഞങ്ങളെ സംശയിക്കാൻ തുടങ്ങി. ഈ സന്ദർഭത്തിൽ തന്നെയായിരുന്നു കോഴിക്കോട് ഹൽഖയുടെ ഒരു യോഗം മൂഴിക്കൽ ചേർന്നത്. ആ യോഗത്തിൽ ശിവപുരത്തുനിന്ന് എട്ടോളം പേർ പങ്കെടുത്തിരുന്നു. യോഗത്തിൽ ഹാജിസാഹിബും കെ.സിയും പ്രസ്ഥാനത്തെ പരിചയപ്പെടുത്തി സംസാരിച്ചു. ഇസ്‌ലാം ലോകത്ത് സ്ഥാപിക്കപ്പെട്ടത് വാക്കും പ്രവൃത്തിയും ഒരുപോലെ സമന്വയിപ്പിച്ചാണെന്നും, കർമമാതൃകയില്ലാത്ത ഒരു പ്രസ്ഥാനവും ലോകത്ത് നിലനിൽക്കാൻ അർഹത നേടിയിട്ടില്ലെന്നും നാം അതിന്നാണ് മുൻഗണന നൽകുന്നതെന്നും നിരവധി ഉദാഹരണങ്ങൾ നിരത്തി അവർ വ്യക്തമാക്കി.

ഞങ്ങളുടെ പോക്കും വരവുമൊക്കെ യാഥാസ്ഥിതിക വിഭാഗം സൂക്ഷ്മമായി പിന്തുടരാൻ തുടങ്ങി. അപ്പോഴും ഞങ്ങളെ എതിർക്കാനുള്ള കോപ്പൊന്നും അവർക്ക് കിട്ടിയില്ല. തന്നെയുമല്ല, പ്രസ്ഥാന പ്രവർത്തകരുടെ ജീവിതം മാതൃകാപരമായതുകൊണ്ട് ഓരോ ദിവസം ചെല്ലുംതോറും സാധാരണക്കാർ ഞങ്ങളോട് അടുത്തിടപഴകാനും തുടങ്ങി. ഇത് ഉമറാക്കളിലും ഉലമാക്കളിലും ഹാലിളക്കമുണ്ടാക്കി. ടി.കെ.കെയുടെ ദർസ് നടന്നുകൊണ്ടിരിക്കെ ഗ്യാസ്‌ലൈറ്റ് എടുത്തുകൊണ്ട് പോവുക, ദർസിൽ വരുന്നതിൽനിന്ന് യുവാക്കളെ തടയുക തുടങ്ങിയ ചില്ലറ പ്രതിഷേധങ്ങളായിരുന്നു ആദ്യം.

അങ്ങനെയിരിക്കെ എടയൂരിൽ 1953-ൽ ജമാഅത്തിന്റെ സംസ്ഥാനസമ്മേളനം നടന്നു. ശിവപുരത്തെ പ്രസ്ഥാന ബന്ധുക്കൾ പന്ത്രണ്ടോളം പേർ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. ഇവരിൽ ടി.കെ ഇബ്‌റാഹീമും കെ.ടി ഹുസൈനും കുട്ടികളായിരുന്നു. യോഗസ്ഥലത്ത് അണിചേർന്നുള്ള ഭക്തിനിർഭരമായ നമസ്കാരം, അച്ചടക്കപൂർണമായ സദസ്സ്, നേതാക്കളും അനുയായികളും ഒന്നിച്ചിരുന്നുള്ള ഭക്ഷണം, ഒന്നിച്ചുതന്നെയുള്ള ഉറക്കം, തഹജ്ജുദ് നമസ്കാരം എല്ലാംതന്നെ ദീനുൽ ഇസ്‌ലാമിന്റെ സംസ്ഥാപനം നിർവഹിക്കാൻ പ്രാപ്തിയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനുവേണ്ടിയുള്ളതായിരുന്നു. രണ്ടു ദിവസത്തേക്ക് അതൊരു 'ദാറുൽ ഇസ്‌ലാമാ'യി.

നാട്ടിലേക്ക് മടങ്ങാറായപ്പോൾ ഇസ്സുദ്ദീൻ മൗലവിയെ കുറച്ചു ദിവസത്തെ പ്രസംഗത്തിനായി ക്ഷണിച്ചു. അദ്ദേഹം സമ്മതിച്ചു. പിന്നെ കെ. മൊയ്തു മൗലവിയെയും ക്ഷണിച്ചു. പ്രസംഗപരമ്പരയുടെ ഒടുവിലത്തെ ദിവസം ഒരു പൊതുപരിപാടിയാക്കാനും അന്ന് ഹാജിസാഹിബിനെ പങ്കെടുപ്പിക്കാനും തീരുമാനമായി. ഇസ്സുദ്ദീൻ മൗലവി വരുന്നത് ഞങ്ങൾ പരസ്യപ്പെടുത്തിയിരുന്നില്ല. അതുകൊണ്ടു തന്നെ നട

ക്കാൻ പോകുന്ന പരിപാടിയെപ്പറ്റി നാട്ടുകാർക്ക് ഒരു വിവരവും ഉണ്ടായിരുന്നില്ല. യാത്രാ സൗകര്യമൊന്നും ഇല്ലാത്ത അക്കാലത്ത് ബാലുശ്ശേരിയിൽ ബസ്സിറങ്ങി മൂന്നു നാഴിക നടന്ന് ഇസ്സുദ്ദീൻ മൗലവി നാട്ടിലെത്തി. അന്ന് അദ്ദേഹം പള്ളിയിൽ താമസിച്ചു. പിറ്റേന്നു വെള്ളിയാഴ്ചയായിരുന്നു. പള്ളിയിൽ പ്രസംഗിക്കാനുള്ള അനുവാദത്തിനായി ഞങ്ങൾ കാരണവന്മാരെ സമീപിച്ചു. ആദ്യം അനുവാദം നിഷേധിക്കുകയാണുണ്ടായത്. ഒടുവിൽ പതിനഞ്ച് മിനുട്ടു പ്രസംഗിക്കാമെന്നും ആരെയും കുറ്റമൊന്നും പറയരുതെന്നും നിബന്ധന വെച്ചു. അങ്ങനെ ജുമുഅക്കുശേഷം പ്രാർഥനാനന്തരം ഇസ്സുദ്ദീൻ മൗലവി പ്രസംഗം ആരംഭിച്ചു. തൗഹീദിൽനിന്നു തുടങ്ങി പാരത്രിക ശിക്ഷയുടെ ഭീകരതയിൽ ചെന്നവസാനിച്ച ആ പ്രസംഗം നിർത്തുമ്പോഴേക്കും ഒന്നരമണിക്കൂർ കഴിഞ്ഞിരുന്നു. പഴയ വഅളിന്റെ ശൈലിയിൽ ആ പ്രസംഗം അങ്ങനെ നീണ്ടപ്പോൾ സമയനിഷ്ഠ വെച്ചവരും ആദ്യം വിലക്കു പറഞ്ഞവരുമെല്ലാം അലമുറയിട്ടു നിലവിളിച്ച ആ രംഗം അത്ഭുതകരമായിരുന്നു. ഒരു പേമാരി ചൊരിഞ്ഞു തീർന്നപോലെ പ്രസംഗവും പാർഥനയുമെല്ലാം അവസാനിച്ചിട്ടും സദസ്സിന്റെ ഏങ്ങലുകൾ അവസാനിച്ചിരുന്നില്ല. അപ്പോഴാണ് ഞാനോർത്തത്, മർഹൂം പതി അബ്ദുൽ ഖാദിർ മൗലവി അദ്ദേഹത്തിന്റെ പ്രസംഗാവസാനം സദസ്യരെ ഓർമിപ്പിക്കാറുള്ള ഒരു കാര്യം: "നിങ്ങൾ *ഖുതുബാത്ത്* വായിക്കുകയോ ഇസ്സുദ്ദീന്റെ പ്രസംഗം കേൾക്കുകയോ അരുത്; അത് രണ്ടും ചൂണ്ടലാണ്. കൊത്തിയാൽ കുടുങ്ങിയതു തന്നെ." എത്രനല്ല വിലയിരുത്തൽ!

അടുത്ത രണ്ടു ദിവസം രാത്രി ഇസ്സുദ്ദീൻ മൗലവി തന്നെ പ്രസംഗിച്ചു. ആളുകൾ കേൾക്കാൻ വന്നു. നേതാക്കന്മാർ ദൂരെനിന്നു പ്രസംഗം കേട്ടുകൊണ്ടിരുന്നു. അത്ഭുതകരമായ ആ പ്രസംഗശൈലി നാട്ടുകാരെ ഒന്നടങ്കം വശീകരിച്ചു കളഞ്ഞു. രണ്ടുദിവസം പള്ളിയിൽ തന്നെ താമസസൗകര്യവും കിട്ടി.

മൊയ്തുമൗലവി പ്രസംഗ പരമ്പര തുടർന്നു. അതവസാനിച്ചത് ഒരു പൊതുയോഗത്തോടെയാണ്. പൊതുയോഗത്തിൽ ഹാജിസാഹിബ് ഒരു സുദീർഘപ്രസംഗം നടത്തി. കെ.സിയും ടി.കെ.കെയുമൊക്കെ സന്നിഹിതരായിരുന്നു. യോഗത്തിൽ കാരന്തൂർ അബൂബക്കർ സാഹിബിന്റെ ജമാഅത്തു സാഹിത്യങ്ങൾ വിൽപനക്ക് നിരത്തിവെച്ചത് സദസ്സിന് പുതിയ അനുഭവമായി.

ഏതായാലും പരമ്പരക്കും സമാപനപ്രസംഗത്തിനും ശേഷം ജമാഅത്തിന്റെ പേര് നന്മണ്ട, കാക്കൂർ, ബാലുശ്ശേരി, പൂനൂര്, താമരശ്ശേരി, എളേറ്റിൽ, വട്ടോളി, നരിക്കുനി, കുട്ടമ്പൂര്, ഇയ്യാട്, പുന്നശ്ശേരി, പനങ്ങാട്, കോക്കല്ലൂര്, അത്തോളി തുടങ്ങിയ പ്രദേശങ്ങളിലേക്കു സാവധാനം വ്യാപിക്കാൻ തുടങ്ങി.

ഈ വളർച്ച നാട്ടിലെയും അയൽനാട്ടിലെയും ഉലമാക്കൾക്കും ഉമറാക്കൾക്കും സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. സ്കൂളിൽ നടന്നിരുന്ന ഖുർആൻ ക്ലാസ് കഠിനമായ എതിർപ്പിനെ തുടർന്ന് വാരാന്ത യോഗത്തിൽ മാത്രമാക്കാൻ നിർബന്ധിതരായി. ആളുകൾ ക്ലാസുകളിൽ വരുന്നതു തടയാൻ സുന്നിവിഭാഗം ജുമുഅത്തു പള്ളിയിൽ ഒരു ഖുർആൻ ക്ലാസ് സംഘടിപ്പിച്ചു. ഞങ്ങളുടെ വാരാന്ത യോഗം ഉള്ള ദിവസം തന്നെ. വാരാന്തയോഗത്തിന്റെ സമയം മാറ്റി ഞങ്ങളിൽ പലരും ആ ക്ലാസു കേൾക്കാൻ പോയിരുന്നു. ഖുർആൻക്ലാസ് എന്ന പേരിൽ ഖുർആനിലെ കഥകൾ പൊടിപ്പും തൊങ്ങലും വെച്ച് വിശദീകരിച്ചതല്ലാതെ മനുഷ്യ ജീവിതവുമായി ആ ക്ലാസിന് ഒരു ബന്ധവുമുണ്ടായിരുന്നില്ല. ഏതാനും ക്ലാസുകൾ കഴിഞ്ഞപ്പോൾ അത് മൃതിയടയുകയും ചെയ്തു. ■

(തുടരും)